# Athmaraksha.org

ജീവിതത്തിലെ വിഷമഘട്ടങ്ങൾ

## കടബാദ്ധ്യത, സാമ്പത്തിക ബുദ്ധിമുട്ട്, ദാരിദ്ര്യം




മകനേ, നമ്മൾ ദരിദ്രരായിത്തീർന്നതിൽ നിനക്ക് ആധി വേണ്ടാ. നിനക്കു ദൈവത്തോടു ഭക്തി ഉണ്ടായിരിക്കുകയും നീ പാപത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും അവിടുത്തേക്കു പ്രീതികരമായത് അനുഷ്ഠിക്കുകയും ചെയ്താൽ നിനക്കു വലിയ സമ്പത്തു കൈവരും (തോബിത് 4:21).

പാപിയുടെ നേട്ടങ്ങളിൽ അസൂയ വേണ്ടാ; കർത്താവിൽ ശരണംവച്ചു നിന്റെ ജോലി ചെയ്യുക; ദരിദ്രനെ സമ്പന്നനാക്കാൻ കർത്താവിന് ഒരു നിമിഷം മതി (പ്രഭാഷകൻ 11:21).

കർത്താവിനെ നിന്റെ സമ്പത്തുകൊണ്ടും, നിന്റെ എല്ലാ ഉത്പന്നങ്ങളുടെയും ആദ്യഫലങ്ങൾകൊണ്ടും ബഹുമാനിക്കുക. അപ്പോൾ നിന്റെ ധാന്യപ്പുരകൾ സമൃദ്ധികൊണ്ടു നിറയുകയും നിന്റെ ചക്കുകളിൽ വീഞ്ഞുനിറഞ്ഞുകവിയുകയും ചെയ്യും (സുഭാഷിതങ്ങൾ 3:9-10)

എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽനിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും (ഫിലിപ്പി 4:19).

ഞാൻ നിങ്ങളോടു പറയുന്നു: ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും (ലൂക്കാ 11:9).

അധാർമിക സമ്പത്തിന്റെ കാര്യത്തിൽ വിശ്വസ്തരായിരിക്കുന്നില്ലെങ്കിൽ യഥാർഥധനം ആരു നിങ്ങളെ ഏൽപിക്കും? (ലൂക്കാ 16:11).

നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും (യോഹന്നാൻ 15:16).

മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം (റോമാ 9:16).

ദശാംശം മുഴുവൻ കലവറയിലേക്കു കൊണ്ടുവരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാകട്ടെ. ഞാൻ നിങ്ങൾക്കായി സ്വർഗകവാടങ്ങൾ തുറന്ന് അനുഗ്രഹം വർഷിക്കുകയില്ലേ എന്നു നിങ്ങൾ പരീക്ഷിക്കുവിൻ - സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു (മലാക്കി 3:10).

ഞാൻ സകല മർത്ത്യരുടെയും ദൈവമായ കർത്താവാണ്. എനിക്ക് അസാധ്യമായി എന്തെങ്കിലുമുണ്ടോ? (ജറെമിയാ 32:27).

രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല (ഏശയ്യാ 59:1).

എനിക്കു നീതി നടത്തിത്തരുന്ന ദൈവമേ, ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ എനിക്ക് ഉത്തരമരുളണമേ! ഞെരുക്കത്തിൽ എനിക്ക് അങ്ങ് അഭയമരുളി, കാരുണ്യപൂർവം എന്റെ പ്രാർഥന കേൾക്കണമേ! (സങ്കീർത്തനങ്ങൾ 4:1).

കർത്താവിൽ ആനന്ദിക്കുക; അവിടുന്നു നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരും (സങ്കീർത്തനങ്ങൾ 37:4).